ഉത്തരം

(എ) ലിക്വിഡേഷനിലുള്ള ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്കിന്റെ ആസ്തി ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് തൊട്ടടുത്തുള്ള ചിറക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പൊതുയോഗം കൂടി തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത സംബന്ധിച്ച് തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയുണ്ടായില്ല.

(ബി) സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഘത്തിന്റെ ആസ്തികൾ നശിച്ചു പോകാതെ സൂക്ഷിക്കണമെന്ന് ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ സഹകരണ സംഘങ്ങൾ

25 (988) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ആയതുവഴി എത്രപേർക്ക് തൊഴിൽ നൽകാനായി ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ ആകെ 866 സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇനി പറയുന്നു.

ജില്ല	സംഘങ്ങളുടെ എണ്ണം
തിരുവനന്തപുരം	68
കൊല്ലം	25
ആലപ്പുഴ	35
പത്തനംതിട്ട	16
കോട്ടയം	30
ഇടുക്കി	20
എറണാകുളം	31
തൃശ്ശൂർ	65
പാലക്കാട്	52
മലപ്പുറം	85
കോഴിക്കോട്	84

LIBRARY ARCHIVES Kerala Legislative Assembly

വയനാട്	21
കണ്ണൂർ	73
കാസർഗോഡ്	61
ആകെ	666

(ബി) പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങളിലൂടെ ആകെ 5512 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പലവക സഹകരണ സംഘങ്ങൾ, സാമൂഹ്യക്ഷേമ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ്, വനിതാ, ഉൽപാദക സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ കൺസ്യൂമർ റൂറൽ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിയമനം നൽകിയതിലൂടെയും, ലേബർ കോൺട്രാക്ട്, ആശുപത്രി, എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളിൽ വന്നിട്ടുള്ള ഇതര തൊഴിലവസരങ്ങളിലൂടെയുമാണ് 5512 പേർക്ക് തൊഴിൽ നൽകാനായിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ ഓണറേറിയവും സിറ്റിംഗ് അലവൻസും

28 (988) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്ക് നൽകിവരുന്ന ഓണറേറിയവും സിറ്റിംഗ് അലവൻസും എത്ര വീതമാണ് :

(ബി) ഇത് എന്നു മുതലാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) എന്നാണ് ഇത് പുതുക്കിയത് ;

(ഡി) ലഭിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ക്ലാസ്, പ്രവർത്തന മൂലധനം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസിഡന്റുമാർക്ക് 1500 രൂപാ മുതൽ 3500 രൂപാ വരെ ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾക്ക് പ്രതിദിനം 100 രൂപാ മുതൽ 150 രൂപ വരെ സിറ്റിംഗ് ഫീസ് ക്ലാസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങൾ, ജില്ലാ ബാങ്കുകൾ എന്നിവയിൽ പ്രസിഡന്റുമാർക്ക് 3000 മുതൽ 6000 രൂപ വരെയും വൈസ് പ്രസിഡന്റുമാർക്ക് 1500 രൂപ മുതൽ 3000 രൂപ വരെയും സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 150 രൂപ മുതൽ 300 രൂപ വരെ സിറ്റിംഗ് ഫീസ് അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റിതര സ്ഥാപനങ്ങളിൽ 90 രൂപ മുതൽ 200 രൂപ വരെ സിറ്റിംഗ് ഫീസ് അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly